(സി) എങ്കിൽ പ്രസ്തുത നിവേദനം സംബന്ധിച്ച് കൈക്കൊണ്ട നടപടി വിശദമാക്കാമോ;

(ഡി) ഇതേപോലെ പി.ഡബ്ല്യു.ഡി. റോഡ് സൈഡിൽ ഭീഷണിയായി നിൽക്കുന്ന മരങ്ങൾ ഏതെങ്കിലും സ്ഥാപനത്തിന് മുമ്പ് വിട്ടുകൊടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) നിവേദനം പരിഗണിച്ചുവരുന്നു.

(ഡി) വിട്ടുകൊടുത്തിട്ടുള്ളതായി രേഖകളില്ല.

ദേവികുളം മുതൽ പുല്ലുമേട് വരെയുള്ള റോഡിന്റെ നിർമ്മാണ പുരോഗതി

151 [2222] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽകൂടി കടന്നുപോകുന്ന എറണാകുളം-തേക്കടി സ്റ്റേറ്റ് ഹൈവേയുടെ ഭാഗമായ ദേവികുളം മുതൽ പുല്ലുമേട് വരെയുള്ള റോഡിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പീരുമേട് ദേവികുളം റോഡിന്റെ 25-ാം കി.മീ. മേരികുളത്തുനിന്നും തുടങ്ങി പുല്ലുമേട്വഴി ആനവിലാസത്ത് എത്തിച്ചേരുന്ന റോഡിന് 11.60 കി.മീ. ദൈർഘ്യമാണുള്ളത്. ഇതിൽ ആനവിലാസം മുതൽ പുല്ലുമേട് വരെയുള്ള ഭാഗത്തെ പണികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. (7 കി.മീ.) മേരികുളം പുല്ലുമേട് ഭാഗത്തെ പണികൾക്ക് 20-11-2004-ൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് സാങ്കേതികാനുമതി (98 ലക്ഷം) പരിശോധനയിലാണ്. ഈ മാസം തന്നെ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വരുന്ന സാമ്പത്തികവർഷം (2005-06) പണി ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണി ആരംഭിച്ചാൽ 18 മാസങ്ങൾക്കുള്ളിൽ പണി പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

മഞ്ചേരി നിയോജകമണ്ഡലത്തിലെ മാലാംകുളം-ചെറുകുളം റോഡിന് ഭരണാനുമതി

152 [2223] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ മാലാംകുളം-ചെറുകുളം റോഡിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നത്തേക്ക് പണി തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ടെണ്ടർ നടപടികൾ പൂർത്തിയായാലുടൻ പണി തുടങ്ങുന്നതാണ്.

തകഴി പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

153 [2224] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തകഴി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) തകഴി പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി എന്നത്തേക്ക് തുറന്നുകൊടുക്കുവാൻ കഴിയും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തകഴി പാലത്തിന് ആകെ 8 സ്പാനുകൾ ഉള്ളതിൽ 2 എണ്ണത്തിന്റെ പണി പൂർത്തിയായി. A1, P1, P5, P6 ഗർഡർ പൂർത്തിയായി. ഒരു തൂണിന്റെ പണി ഒഴിച്ച് ബാക്കി എല്ലാ തൂണുകളും പൂർത്തീകരിച്ചു. ഇടത്വാ ഭാഗത്തേക്കുള്ള അപ്രോച്ച് റോഡിന്റെ ഫില്ലിംഗ് പണി പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly